നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

വാല്യം : 11 ◆ ലക്കം : 2 ◆ ഫെബ്രുവരി 2004 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഭരണ കൂടത്തിന്റെ ബ്രാഞ്ചാകരുത്

**അഡ്വ. ജോർജ് പുലികുത്തിയിൽ**

**1993**-ൽ നിലവിൽ വന്ന മനുഷ്യാവകാശ നിയമത്തിലെ 21 മുതൽ 29 വരെയുള്ള വകുപ്പുകൾ പ്രകാരം രൂപീകരിക്കപ്പെടുന്നതാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.

ഈ നിയമപ്രകാരം അഞ്ചംഗങ്ങളുള്ള ഒരു സമിതിയാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. അതിന്റെ ചെയർമാൻ ഹൈക്കോടതി ചീഫ് ജസ്റ്റിസായി റിട്ടയർ ചെയ്തയാളായിരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും അംഗങ്ങൾ യഥാക്രമം ഹൈക്കോടതിയിലും ജില്ലാ കോടതിയിലും ജഡ്ജിമാരായി തുടരുന്നവരൊ റിട്ടയർ ചെയ്തവരോ ആകാം. നാലും അഞ്ചും അംഗങ്ങൾ, മനുഷ്യാവകാശങ്ങളിലുള്ള അവരുടെ അറിവും പ്രതിബദ്ധതയും സ്വഭാവശുദ്ധിയും സമൂഹത്തിലെ പ്രതിച്ഛായയും പരിഗണിച്ച് സർക്കാർ നിർദ്ദേശിക്കുന്നവരും ആയിരിക്കണം.

കേരള സർക്കാർ കമ്മീഷന്റെ വലിപ്പം മൂന്നാക്കി കുറച്ചു. മാത്രമല്ല, മൂന്ന് അംഗങ്ങളിൽ ഒരാൾ റിട്ടയർ ചെയ്ത കോളേജ് അദ്ധ്യാപകനായിരിക്കണമെന്ന് സർക്കാറിന് നിർബ്ബന്ധമുള്ളതുപോലെയും തോന്നുന്നു.

അധികാരത്തിലിരുന്ന കാലത്ത് സർക്കാരിന് വേണ്ടി മനുഷ്യാവകാശങ്ങളെയും നൈതികതയെയും തമസ്കരിക്കയോ, അധികാര ദുർവിനിയോഗം നടത്തുകയോ ചെയ്തവർക്ക് പ്രത്യുപകാരമായി നല്കാനുള്ളതല്ല 'സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ' എന്ന പദവിയെന്ന് സംസ്ഥാന സർക്കാരും പദവിമോഹിക്കുന്നവരും തിരിച്ചറിയേണ്ടതുണ്ട്.

മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ, പട്ടികജാതി-പട്ടികവർഗ കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ തുടങ്ങിയ പൊതുസ്ഥാപനങ്ങൾ അവയുടെ പൊതുധർമ്മം നൈതികമായി നിർവ്വഹിക്കുന്നതിൽ വിജയിക്കുന്നുണ്ടോ എന്ന് വിലയിരുത്തപ്പെടേണ്ട സമയമാണിത്. പൊതുജനത്തിന്റെ വിശ്വാസം വീണ്ടെടുക്കാൻ കഴിയുന്നവരെയാണ് കമ്മീഷൻ ആക്കേണ്ടത്. സുതാര്യമായ ഒരു ജനഹിത പരിശോധനയിലൂടെ യോഗ്യരായവരെ കണ്ടെത്തുകയാണ് കേരള

➠ പേജ് 6

## "ഇതൊരു ഗുരുതരമായ സ്ഥിതി വിശേഷമാണ്" : മേധാപട്ക്കർ



**? നിങ്ങൾ ഉമാഭാരതിക്ക് കത്തെഴുതിയതായി അറിഞ്ഞു. എന്താണതിൽ?**

= ഞങ്ങൾ അവരോടാവശ്യപ്പെട്ടത് ഞങ്ങളോട് സംസാരിക്കുന്നതിനും മുമ്പായി ഒരു തീരുമാനം എടുക്കരുതെന്നാണ്. അവർ എടുക്കുന്ന തീരുമാനം ജനതാത്പര്യത്തിനും രാഷ്ട്രതാത്പര്യത്തിനും അനുയോജ്യമായ ഒന്നായിരിക്കണം എന്നും. ഉദ്യോഗസ്ഥർ തെറ്റായ വിവരങ്ങൾ നല്കിക്കൊണ്ടിരിക്കേ, ഞങ്ങളുമായി സംസാരിക്കുക എന്നത് അത്യാവശ്യമാണ്. നർമ്മദാ താഴ്‌വരയിലെ ക്ഷേത്രങ്ങളും പള്ളികളും പുരാതനങ്ങളും സംസ്കാരത്തിന്റെ ഭാഗങ്ങളുമാണ്. അവ മാറ്റിവയ്ക്കരുതെന്നും ഞങ്ങൾ ആവശ്യപ്പെട്ടു.

**? എന്നാണ് ഇതെഴുതിയത്?**

= അവർ അധികാരത്തിലേറിയ ഉടനെ

**? മറുപടി?**

= പ്രതീക്ഷിക്കുന്നു

**? ഉമാഭാരതി പറയുന്നത് അവർ മധ്യപ്രദേശിനെ ഗുജറാത്താക്കി മാറ്റാൻ ആഗ്രഹിക്കുന്നുവെന്നാണ്. ഇതിൽ താഴ്‌വര നിവാസികൾക്ക് ഉത്കണ്ഠയുണ്ടോ?**

= ഞങ്ങളിത് പ്രാദേശികഫോറങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ആത്യന്തിക തീരുമാനം ജനങ്ങളാണ് എടുക്കേണ്ടത്. വികസനത്തിന്റെ വീക്ഷണത്തിലാണ്, വർഗ്ഗീയ വീക്ഷണത്തിലല്ല ഇത് പറഞ്ഞത് എന്നു പറയാനുള്ള ഉപായം ബി.ജെ.പിക്കുണ്ട്. ഇത്തവണ എല്ലാതരത്തിലുള്ള പ്രദേശങ്ങളും ബി.ജെ.പിയെ പിന്തുണച്ചു കോൺഗ്രസ്സിനു പോയ്ക്കൊണ്ടിരുന്ന ആദിവാസി വോട്ടുകൾ പോലും ബി.ജെ.പിക്കാണ് ലഭിച്ചത്. ആദിവാസികൾ അഭിമുഖീകരിക്കുന്ന സ്വത്വപ്രതിസന്ധിയെ ഉപയോഗിക്കാൻ ജാബുവാ ഹിന്ദു സമ്മേളനത്തിന് കഴിഞ്ഞു. മോശം സാമ്പത്തികതയ്ക്കും തെറ്റായ വികസന നയങ്ങൾക്കും മാറ്റിപ്പാർപ്പിക്കലിനുമായി നിലം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. അവസാനം വിതയ്ക്കുന്ന വിത്ത് സംസ്കാരത്തിന്റേതല്ല, വർഗ്ഗീയതയുടേതാണ്. അതിനെ പ്രതിരോധിക്കാൻ കോൺഗ്രസ്സിന് കഴിഞ്ഞില്ല.

**? ഈ തെരഞ്ഞെടുപ്പിൽ എന്തു സംഭവിച്ചുവെന്നാണ് നിങ്ങൾ കരുതുന്നത്?**

= നർമ്മദക്കാര്യത്തിൽ നരേന്ദ്രമോഡിയും ദിഗ്‌വിജയസിങ്ങും ഒറ്റക്കെട്ടായിരുന്നു. അതാണ് ദിഗ്‌വിജയ് സിങ്ങ് നടത്തിയ ഏറ്റവും വലിയ അനുരഞ്ജനം. നർമ്മദാ താഴ്‌വരയിലെ ജനങ്ങൾ വിശ്വസിക്കുന്നത് തങ്ങളോട് ചെയ്ത ചതിയ്ക്ക് പകരമായാണ് ദിഗ്‌വിജയ്സിങ്ങ് പോകേണ്ടി വന്നത് എന്നാണ്. മതേതരശക്തികളുടെ ഒരു ഭാഗമാണ് ഞങ്ങളെന്ന് അദ്ദേഹത്തോട് പറഞ്ഞിരുന്നു. സ്ഥിതിവിശേഷങ്ങളെപ്പറ്റി സോണിയഗാന്ധിക്ക് എഴുതുകപോലും ചെയ്തിരുന്നു. സർദാർ സരോവറിന്റെ കാര്യത്തിൽ മതേതരത്വത്തിനും വർഗ്ഗീയതയ്ക്കും തമ്മിൽ വ്യത്യാസമൊന്നുമില്ല എന്നാണ്

**മറ്റൊരു ജല, ഊർജ്ജപരിപാലന മാതൃക സാദ്ധ്യമാണ് ജലം ജീവനുവേണ്ടി മരണത്തിനുവേണ്ടിയല്ല**

ദിഗ്‌വിജയ്സിങ്ങ് മറുപടി പറഞ്ഞത്. അതങ്ങനെയല്ലെന്ന് ഞാൻ തിരിച്ചെഴുതി. നർമ്മദാ ബച്ചാവോ ആന്ദോളനെ വഞ്ചിച്ച ഒരുപാട് പേർ രാഷ്ട്രീയമായി തുടച്ചുനീക്കപ്പെട്ടിട്ടുണ്ട്. സുന്ദർലാൽ പട്‌വ, എസ്. പി. ശുക്ല, ടി. എൻ. ശേഷൻ, മോത്തിലാൽ വോറ.... തുടങ്ങിയവർ. പ്രത്യേകിച്ച് ഞങ്ങളെ ആദ്യം പിന്തുണച്ച് പിന്നെ തള്ളിപ്പറഞ്ഞവർ. സംസ്ഥാനത്തെ എല്ലാ മതേതരശക്തികളേയും കൂട്ടിയോജിപ്പിക്കാൻ കോൺഗ്രസ്സ് ശ്രമിച്ചതേയില്ല. തീർച്ചയായും കോൺഗ്രസ്സ് ഇതിന് ഉത്തരം പറയേണ്ടതുണ്ട്. ഞങ്ങളുടെ ജനതതി എണീറ്റുനിൽക്കുകയും കോൺഗ്രസ്സിന്റെ നിരവധി പ്രവൃത്തികളെ ചോദ്യം ചെയ്യുകയും ചെയ്തു. എന്നിട്ടും ഞങ്ങൾ ഗ്രാമവാസികളോട് വർഗ്ഗീയശക്തികളെപ്പറ്റി സംസാരിച്ചു. പക്ഷേ അവർ ഭരണക്കാർക്ക് എതിരായിരുന്നു. ഭരണവിരുദ്ധ വികാരമായിരുന്നു വോട്ടായത്.

? **ബി.ജെ.പി. ഹിന്ദുത്വത്തെ മാറ്റിവയ്ക്കുകയും ഒരു വിഷയമെന്ന നിലയക്ക് വികസനത്തിൽ കേന്ദ്രീകരിക്കുകയും ചെയ്തു. ദിഗ്‌വിജയ്സിങ്ങിനെ എങ്ങനെ അടിക്കണമെന്ന് അവർക്ക് അറിയാമായിരുന്നു.**

= അതെ. വികസനത്തിന് വമ്പൻ ഭാഗധേയമുണ്ടായിരുന്നു. വൈദ്യുതി, വെള്ളം, തൊഴിൽ, മാറ്റിപ്പാർപ്പിക്കൽ, കർഷകപ്രശ്നങ്ങൾ, സംഘടിത തൊഴിൽ പ്രശ്നങ്ങൾ, വികസന അടിത്തറ എല്ലാറ്റിനും വലിയ പങ്കാളിത്തമുണ്ടായിരുന്നു. വികസനം ഒരു ഇരുതല വാളായിരിക്കുന്നു. അവർ വികസനത്തെ നിർവ്വചിക്കുന്നേയില്ല. വികസന അടിത്തറയെപ്പറ്റി നമ്മൾ സംസാരിക്കുമ്പോൾ, കർഷകർക്ക്, വമ്പൻ ഹൈവേകൾ ആവശ്യമില്ല. അവർക്ക് ചെറിയ ചെറിയ കൂട്ടിയോജിപ്പിക്കുന്ന റോഡുകളാണാവശ്യം. വികസനാവകാശം ഇപ്പോൾ വാചാടോപങ്ങൾ വഴിയാണ് നിർവ്വചിക്കപ്പെടുന്നത്. പക്ഷേ വികസനവും ഭരണാധികാരവും വെറും അധികാര പ്രശ്നം മാത്രമാണ്. അവരതിനെ യാഥാർത്ഥ്യത്തിലേയ്ക്ക് വിവർത്തനം ചെയ്യില്ല. എല്ലാകാര്യങ്ങളും രാഷ്ട്രീയവത്കരിച്ചിരിക്കുന്നു. ഇത് നല്ലതാണോ അല്ലയോ എന്നെനിക്കറിയില്ല.

? **ദിഗ്‌വിജയസിങ്ങിന്റെ വികേന്ദ്രീകൃത പ്രവർത്തനങ്ങളിൽ നിന്നും എന്തെങ്കിലും ഗുണഫലങ്ങൾ?**

= അദ്ദേഹത്തിന്റെ നയങ്ങൾ നന്നായി എഴുതപ്പെട്ടവയായിരുന്നു. പക്ഷേ, അദ്ദേഹമത് അവസാനിപ്പിച്ചത് ഒരു ആഗോളവത്കൃതമാതൃകയെ പിന്തുടർന്നാണ്. ആരോടാണ് പോരാടേണ്ടത് എന്ന് ജനങ്ങൾക്കറിയില്ല. കാരണം അധികാരശക്തി ഭോപ്പാലിലോ ഡൽഹിയിലോ അല്ല. അത് വാഷിങ്ങ്ടണിലാണ്. ജനങ്ങൾക്ക് അവരുടെ രോഷവും അമർഷവും പ്രദർശിപ്പിക്കാനുള്ള ഒരേ ഒരു മാർഗ്ഗം അധികാരത്തിലിരിക്കുന്നവരെ മറ്റിക്കൊണ്ടാണ്. അതു മാത്രമാണ് അവർക്ക് കഴിയുക. ഇതാണ് സംഭവിച്ചത്, സംഭവിക്കാനിരിക്കുന്നതും.

? **നർമ്മദാപ്രശ്നത്തിൽ ഗുജറാത്ത് ഗവൺമെന്റ് അവസാനം ദിഗ്വിജയ്സിങ്ങിനെ ഉപയോഗിക്കുകയായിരുന്നോ?**

= വൈദ്യുതിയും ഊർജ്ജവും എടുക്കുകയാണെങ്കിൽ, വൈദ്യുതി ഒരു പ്രധാന തെരഞ്ഞെടുപ്പ് പ്രശ്നമാകുമെന്നും അണക്കെട്ടുകൾക്കെതിരെയുള്ള നർമ്മദാ ബച്ചാവോ ആന്ദോളന്റെ എതിർപ്പിനെ ചൂണ്ടിക്കാണിച്ച് രക്ഷപ്പെടാമെന്നും പലരും അദ്ദേഹത്തിന് ഉപദേശം നൽകി. അതിനാൽ അദ്ദേഹം ഞങ്ങളെ എതിർത്തു. പരസ്യമായിതന്നെ. ആദ്യം അദ്ദേഹം മോഡിയുമായി ഒരു വിലപേശൽ നടത്തി. പിന്നീട് വൈദ്യുതിക്ഷാമ പ്രശ്നം ഞങ്ങളുടെ തലയിലേയ്ക്കിട്ടു. അതിനെ സർദാർ സരോവർ/ മഹേശ്വർ പ്രശ്നങ്ങളുമായി ഘടിപ്പിച്ചു. യാഥാർത്ഥ്യം എന്തെന്ന് തിരക്കാതെ അദ്ദേഹം സ്വന്തം ശവക്കുഴി തോണ്ടുകയായിരുന്നു. അതെ. മോഡി ഗവൺമെന്റ് അദ്ദേഹത്തെ ഉപയോഗിക്കുകയായിരുന്നു. ദിഗ്‌വിജയ് സിങ്ങ് ആദ്യം ചെയ്തത് രാജ്കോട്ടിലേയ്ക്ക് വെള്ളം കൊണ്ടുപോകാൻ മോഡിയെ അനുവദിക്കുകയായിരുന്നു. അത് ഉപയോഗിച്ചാണ് മോഡി തെരഞ്ഞെടുപ്പ് ജയിച്ചത്. രാജ്കോട്ടിൽ വെള്ളമെത്തിയത് 17 ദിവസം മാത്രമാണ്. ഇലക്ഷൻ ചൂട് നിറഞ്ഞുനില്ക്കുന്ന നിർണ്ണായകദിനങ്ങളിൽ. പിന്നീടത് സബർമതിയിലേക്ക് തിരിച്ചുവിട്ടു. രാജ്കോട്ടിലെ ജനങ്ങൾ പ്രതിഷേധിക്കുകയും തുടർന്ന് മഹി നദിയിൽ നിന്നുള്ള വെള്ളം അവർക്ക് നൽകുകയും ചെയ്തു. മധ്യപ്രദേശിലെ പദ്ധതിൾക്ക് ദിഗ്‌വിജയ് അനുമതി നല്കി. സംസ്ഥാനത്ത് മറ്റുചില പദ്ധതികൾ ആരംഭിക്കാമെന്ന നിബന്ധനയോടെ പുതിയ പദ്ധതികൾ മൂലമുള്ള ഗുണഫലം കൊയ്തെടുക്കാമെന്ന് ദിഗ്‌വിജയ് കരുതി. പക്ഷേ അതുപോലും കിട്ടുകയുണ്ടായില്ല. ഓംകാരേശ്വർ അണക്കെട്ടിന്റെ ഗുണഫലം ഉമാഭാരതിക്കും പ്രധാനമന്ത്രി എ. ബി. വാജ്പേയിക്കും പോയി.

ഇത്തരം വിലപേശലുകൾ ദിഗ്‌വിജയ്സിങ്ങിന് ഗുണം ചെയ്തില്ല. അവരുടെ രാഷ്ട്രീയം അറിയാമെന്നിരിക്കേ, മോഡിയുമായും വാജ്പേയിയുമായും സന്ധി ചെയ്യേണ്ട ആവശ്യം ദിഗ്‌വിജയ്സിങ്ങിനുണ്ടായിരുന്നില്ല. ഉപപ്രധാനമന്ത്രി അദ്വാനി സർദാർ സരോവർ അണക്കെട്ട് പ്രദേശം സന്ദർശിച്ചപ്പോൾ ബി.ജെ. പി.യുടെ നേട്ടമായാണ് അതിനെ എണ്ണിയത്. 1998 ആണവപരീക്ഷണത്തിന്റെ വർഷമായും, 1999 കാർഗിലിന്റെ വർഷമായും 2000 സർദാർ സരോവറിന്റെ (ഡാമിന്റെ ഉയരം കൂട്ടാനുള്ള സുപ്രീം കോടതി വിധി) വർഷമായും ആണ് അദ്ദേഹം പ്രഖ്യാപിച്ചത്. ബി.ജെ.പി. രാഷ്ട്രീയത്തിൽ നിന്നും മാറി നില്ക്കേണ്ടതിനുപകരം ദിഗ്‌വിജയ് സിങ്ങ് അണക്കെട്ട് പ്രശ്നത്തിൽ രാജസ്ഥാന്റേയും മഹാരാഷ്ട്രയുടേയും പിടിയിലകപ്പെട്ട് അവരുമായി സന്ധിചെയ്തു.

? **എല്ലായ്പ്പോഴും ഇങ്ങനെയായിരുന്നില്ല. ആദ്യകാലത്ത് ദിഗ്‌വിജയ്സിങ്ങ് എല്ലാവർക്കും പ്രാപ്യനായ ഒരു മുഖ്യമന്ത്രിയായിരുന്നു. നർമ്മദാ ബച്ചാവോ ആന്ദോളനെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ മാറാൻ തുടങ്ങിയത് എന്നാണ്?**

= 2000 ത്തിലെ സുപ്രീം കോടതി വിധിക്കുശേഷം, ദിഗ്‌വിജയ് പറഞ്ഞത് താൻ മാറാൻ നിർബന്ധിതനായിരിക്കുന്നു എന്നാണ്. അതു മാത്രമായിരുന്നില്ല കാരണം. അദ്ദേഹം തന്റെ നിലപാട് മാറ്റാൻ തീരുമാനിച്ചു. അദ്ദേഹത്തോട് സംസാരിക്കാനുള്ള നിരവധി ശ്രമങ്ങൾ, നടത്തിയതിനുശേഷം ഞങ്ങൾക്കത് ബോധ്യമായി. അർത്ഥവത്തായ സംഭാഷണങ്ങൾക്കായുള്ള ഓരോ ശ്രമവും അർത്ഥരഹിതമായ ഒരു നിഗമനത്തിലാണ്

എത്തിചേർന്നത്. പ്രത്യേകിച്ചും ചുമതലപ്പെട്ട ഉദ്യോഗസ്ഥനേയോ ഉപമുഖ്യമന്ത്രിയേയോ കാണാൻ അദ്ദേഹം നിർദ്ദേശിക്കുന്നതോടെ. എന്താണ് സംഭവിച്ചതെന്നും, അദ്ദേഹത്തെ മറ്റൊരു മനുഷ്യനാക്കി തീർത്തതെന്നും ഓരോ തവണയും ഞങ്ങൾ അത്ഭുതപ്പെട്ടു. അത് മോഡിയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് എന്ന് പിന്നീട് ഞങ്ങൾക്ക് മനസ്സിലായി. ജനുവരി 23, 2002ൽ മോഡി രാജ്ക്കോട്ടിൽ നിന്നും മത്സരിക്കുകയുണ്ടായി. ജനുവരി 7ന് ദിഗ്‌വിജയ്സിങ്ങും വാജ്പേയിയും മോഡിയും തമ്മിൽ ഒരു കൂടിക്കാഴ്ച നടത്തി. മഹാരാഷ്ട്ര മുഖ്യമന്ത്രി വിലാസ്റാവുദേശ്മുഖിനെപ്പോലും ഒഴിവാക്കിക്കൊണ്ട് അവർ തമ്മിൽ വിലപേശുകയും അതിന്റെ ഫലമായി നർമ്മദാ ബച്ചാവോ ആന്ദോളനും മറ്റ് ജനകീയ പ്രക്ഷോഭങ്ങളും രാഷ്ട്രീയ താത്പര്യങ്ങൾക്ക് അത്ര നല്ലതല്ലെന്ന് ദിഗ്‌വിജയ്സിങ്ങ് സമ്മതിക്കുകയുമുണ്ടായി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബാർഗി അണക്കെട്ടുമുതൽ മഹേശ്വർ അണക്കെട്ടും മറ്റും പണിയാനുദ്ദേശിക്കുന്ന നിമാദ് പ്രദേശം വരെയുള്ള മുഴുവൻ നർമ്മദാതാഴ്‌വരയും കോൺഗ്രസ്സിനെ ജയിപ്പിച്ചു എന്ന യാഥാർത്ഥ്യത്തെ മറന്നുകൊണ്ടായിരുന്നു ഇത്. എന്നിട്ടും ദിഗ്‌വിജയ് ഇത്തരമൊരു നിലപാട് എടുക്കുകയുണ്ടായി.

? **തീർച്ചയായും അതിനെത്തുടർന്ന് കൂടുതൽ തിരിച്ചടിയുണ്ടായി?**

= ആഗോളവത്ക്കരണത്തിനെതിരെയുള്ള ഞങ്ങളുടെ വ്യക്തമായ നിലപാടും, അതിനനുകൂലമായ അദ്ദേഹത്തിന്റെ നടപടികളും മൂലം ഞങ്ങൾക്ക് അദ്ദേഹത്തെ വിമർശിക്കേണ്ടി വന്നു. അത് അദ്ദേഹത്തെ മുറിപ്പെടുത്തി. ഞങ്ങൾ അദ്ദേഹവുമായി മിക്കപ്പോഴും സംഭാഷണങ്ങൾ നടത്താറുണ്ടായിരുന്നു. ഞങ്ങൾ എന്താണ് ചിന്തിക്കുന്നതെന്നും എന്തിലാണ് വിശ്വസിക്കുന്നതെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ഒരിക്കൽ വമ്പൻ കോർപ്പറേഷനുകളുടെ കാര്യം ഞങ്ങളുടെ സംഭാഷണത്തിൽ വന്നു. എൻറോണിനെ സംസ്ഥാനത്തേയ്ക്കു ക്ഷണിച്ചാൽ നിങ്ങൾ എന്നെ ചോദ്യം ചെയ്യുമെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. 'റിലയൻസിനെ ചോദ്യം ചെയ്യല്ലേ' തുടർന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങളിൽ നിന്ന് അത്തരമൊന്ന് എങ്ങനെ പ്രതീക്ഷിക്കും എന്ന് തിരിച്ചുചോദിച്ചപ്പോൾ 'എനിക്ക് മേധാപട്ക്കർക്കും ആഗോളവത്ക്കരണത്തിനും ഇടയ്ക്ക് ഒന്ന് തരഞ്ഞെടുക്കേണ്ടതുണ്ട് എന്ന് അദ്ദേഹം ഉറക്കെ പറയുകയുണ്ടായി. അല്ല. ആഗോളവത്ക്കരണത്തിനും ജനകീയ ശക്തികൾക്കും ഇടയിൽ നിങ്ങളൊരു തെരഞ്ഞെടുപ്പ് നടത്തണ്ടതുണ്ട് എന്ന് ഞാൻ തിരിച്ചുപറഞ്ഞു. 'ജനകീയ ശക്തി' എന്നത് അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട ഒരു പ്രയോഗമായിരുന്നു. പ്രശ്നമെന്തെന്നാൽ, അദ്ദേഹത്തിന് എപ്പോഴും കോർപ്പറേറ്റ് ബന്ധങ്ങൾ ഉണ്ടായിരുന്നു. അതാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ദുഃഖകരമായ വശം. നിലനില്ക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഓരോ പാർട്ടിയും കോർപ്പറേറ്റുകളുമായി എന്തെങ്കിലും തരത്തിൽ സന്ധിചെയ്യേണ്ടിയിരിക്കുന്നു. അതിനാലാണ് ഞങ്ങളെ പിന്തുണയ്ക്കുന്ന രാഷ്ട്രീയക്കാർപോലും ഇങ്ങനെ ചോദിക്കുന്നത്. "ഞങ്ങൾ അധികാരത്തിൽ വരാൻ നിങ്ങൾ ആഗ്രഹിയ്ക്കുന്നോ ഇല്ലയോ. ആഗ്രഹിക്കുന്നുവെങ്കിൽ കോർപ്പറേറ്റ് പങ്കാളിത്തത്തെപ്പറ്റി ഉറച്ച നിലപാട് എടുക്കാതിരിക്കുക" അത്തരം സന്ദേശങ്ങളാണ് ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഞങ്ങളിതിനെ ചോദ്യം ചെയ്യുന്നതിന്റെ കാരണം അത് ഭൂമിയുടെ, വെള്ളത്തിന്റെ, കാടിന്റെ അവകാശങ്ങളിൽ ഗുരുതരാഘാതം ഉണ്ടാക്കും എന്നതിനാലാണ് അത് ജനാധിപത്യാവകാശങ്ങളുടെ ഹനനമാണ്. കുത്തകകളെ കടത്തിവിടൽ. അതിനാലാണ് ഞങ്ങൾ പൊരുതുന്നത്. ഏതെങ്കിലും മുതലാളിത്ത ആശയത്തിനെതിരെയല്ല ഞങ്ങൾ പൊരുതുന്നത്. അതിന് മുഴുവൻ വികസനപദ്ധതിയും ജനങ്ങളുടെ പങ്കാളിത്തവും അവകാശങ്ങളിലും വികസനത്തിലും നയരൂപീകരണത്തിലും സാങ്കേതിക തെരഞ്ഞെടുപ്പിലുമുള്ള ജനങ്ങളുടെ ഭാഗധേയത്തെ സംബന്ധിച്ചും വ്യക്തമായ പ്രവർത്തനപദ്ധതികളുണ്ട്.

ദിഗ്‌വിജയ് സിങ്ങ് ജനകീയ ശക്തിയെ തെരഞ്ഞെടുപ്പിനുവേണ്ടി ഉപയോഗിച്ചു. രോഷാകുലരും പ്രക്ഷോഭകരുമായിട്ടുള്ള ജനതകളെ തന്റെ കൂടെ നിർത്തുന്നതിനായി അദ്ദേഹം സമാന്തര മാർഗ്ഗങ്ങൾ ഉപയോഗിച്ചു. എന്നാൽ ആഗോളവത്ക്കരണത്തെ ക്കുറിച്ചുള്ള കാഴ്ചപ്പാട് അദ്ദേഹത്തെ മറ്റൊരു പാതയിലേക്ക് നയിച്ചു. വൻകിട അണക്കെട്ടുകൾക്കെതിരാണെന്നും ചെറുചെറു അണക്കെട്ടുകളെയാണ് താൻ അനുകൂലിക്കുക എന്നും അദ്ദേഹം പറഞ്ഞു. ലോക ജലഫോറത്തിൽ ജലം സമൂഹത്തിന്റേതാണെന്നും സാമൂഹിക പങ്കാളിത്തമില്ലാതെ മധ്യപ്രദേശിൽ ഒരു ജലപദ്ധതിയും നടപ്പാക്കില്ലെന്നും പ്രഖ്യാപിച്ചു. എന്നിട്ട്, തിരിച്ചുവന്ന് ആഗോളവത്ക്കരണത്തിന്റെ തത്ത്വങ്ങൾക്കനുസരിച്ചുള്ള നയപരിപാടികൾ നടപ്പിലാക്കി, അധികാരത്തിൽ തുടരുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരേ ഒരു ലക്ഷ്യം.

? **അടുത്ത പരിപാടി?**

= ഇതൊരു ഗുരുതരമായ സ്ഥിതിവിശേഷമാണ്. ഗവൺമെന്റ് മാറിയത് അല്ല. ബി.ജെ.പിയായാലും കോൺഗ്രസ്സ് ആയാലും വൻകിട അണക്കെട്ടുകളെ പിന്തുണയ്ക്കുന്നു. നർമ്മദാ നിയന്ത്രണ അതോറിറ്റിയുടെ ഈയിടെ നടന്ന കൂടിച്ചേരലിൽ അവർ അവതരിപ്പിച്ചത് തികച്ചും വ്യാജമായ നടപടി റിട്ടോർപ്പുകളാണ് ഇതൊരു പതിവായിരിക്കുന്നു. ഇത്രയും കൊല്ലങ്ങളായി ഒരു ഔദ്യോഗിക സംഘവും താഴ്‌വര സന്ദർശിച്ചിട്ടില്ല. അവരുടെ ചില താഴ്ന്ന ഉദ്യോഗസ്ഥന്മാർ മാത്രം കൈവശവകാശത്തെക്കുറിച്ച് ചില ചെറിയ അന്വേഷണങ്ങൾ നടത്തി. അതിൽനിന്നു തന്നെ നർമ്മദാനിയന്ത്രണ അതോറിറ്റി തെറ്റാണ് എന്ന് മനസ്സിലാക്കാം. ഞങ്ങളുടെ ആളുകൾ താഴ്‌വര മുഴുവൻ സർവ്വേ നടത്തുകയും മുഴുവൻ വിവരവും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പുനരധിവാസത്തിന്റേ വ്യക്തിപരമായ കേസുകൾ പരിശോധിച്ചപ്പോൾ ഞങ്ങൾക്ക് ബോധ്യപ്പെട്ടത് 20 മുതൽ 30 വർഷം വരെയായി കുടിയിറക്കപ്പെട്ടവർക്ക് ഇനിയും പുനരധിവാസത്തിനുള്ള ഭൂമി ലഭിച്ചിട്ടില്ല എന്നാണ്. ഞങ്ങൾ ഇത് ഗവൺമെന്റിന് നൽകാൻ പോവുകയാണ്. അധികൃതരുമായി ഇതൊരു സങ്കീർണ്ണമായ കശപിശ ഉണ്ടാക്കുമെങ്കിൽ കൂടിയും നിയമം ഞങ്ങളുടെ ഭാഗത്താണ്. ഞങ്ങളുടെ കാര്യങ്ങൾ വാദിക്കാൻ ഞങ്ങളിനിയും നിയമവ്യവസ്ഥയെ ഉപയോഗിക്കും. ▮

*(ലൈല ബാവസം നടത്തിയ അഭിമുഖ സംഭാഷണം. കടപ്പാട് : ഫ്രണ്ട് ലൈൻ)*

# കുറ്റവിമുക്തഗ്രാമം

## പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം

**അഡ്വ. സിനി സജി**



ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്യുന്നു

**2003** ഡിസംബർ 30-ാം തിയ്യതി, ജനനീതിയുടെ 12-ാം വാർഷിക ദിനത്തിൽ തൃശ്ശൂർ കോർപറേഷനിലെ 12-ാം വാർഡിനെ രാജ്യത്തെ ആദ്യത്തെ കുറ്റവിമുക്ത മേഖലയാക്കി (Crime free Zone ) മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം ജനനീതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അങ്കണത്തിൽ വെച്ച് നടന്നു. കേരള ഹൈക്കോടതി ജഡ്ജിയും സംസ്ഥാന നിയമസേവന അഥോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂറായിരുന്നു ഉദ്ഘാടകൻ. ഡോ. കെ. എൻ. പണിക്കർ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂർ അഭിപ്രായപ്പെട്ടു: നിയമത്തിന് കാർക്കശ്യത്തിന്റേതല്ലാതെ, സേവനത്തിന്റേതായ മുഖമുണ്ട്. തുല്യമായ പരിഗണനയുടെ അടിസ്ഥാനത്തിൽ നീതി ഉറപ്പുവരുത്തണം. സാമ്പത്തിക അസമത്വം അജ്ഞത തുടങ്ങിയ കാരണങ്ങളാൽ നീതി നിഷേധിക്കാൻ പാടില്ല. നീതി നിഷേധം അവകാശ നിഷേധമാണെന്ന ബോധം ജനങ്ങളിലുണ്ടാക്കാൻ നിയമത്തിലെ സേവനത്തിന്റേതായ മുഖം കൊണ്ടേ സാധിക്കൂ. വ്യവഹാര വിമുക്തമായ സമൂഹമാണ് വേണ്ടത്. ഒരു കുറ്റം സാമൂഹ്യ-സാമ്പത്തിക -രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ഉണ്ടാകുന്നത്. അത്തരം പശ്ചാത്തലങ്ങളിൽ മാറ്റം സൃഷ്ടിക്കാൻ ഇന്നത്തെ വ്യവസ്ഥയിൽ സാമൂഹ്യപരിഷ്ക്കർത്താക്കൾക്കേ സാധിക്കുകയുള്ളൂ. കുറ്റവിമുക്തഗ്രാമം എന്നതുകൊണ്ട് സാമൂഹ്യപരിഷ്ക്കരണമാണ് ലക്ഷ്യമാക്കുന്നത്. ഒരു പുതിയ സമൂഹത്തെ വിഭാവനം ചെയ്യുന്ന ജനനീതിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായസഹകരണങ്ങളും ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂർ വാഗ്ദാനം ചെയ്തു.

പ്ലാച്ചിമടയെക്കുറിച്ചും വാഗമണിനെകുറിച്ചും പഠനങ്ങൾ ആദ്യമായി നടത്തിയ ജനനീതിയുടെ കുറ്റവിമുക്ത സമൂഹം എന്ന പദ്ധതി വിഭാവനത്തിന് ഡോ. കെ.എൻ. പണിക്കർ അഭിനന്ദനങ്ങൾ നേർന്നു. കുറ്റവിമുക്ത ഗ്രാമം എന്ന ആശയത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. മനുഷ്യമനസ്സുകളിലേയ്ക്ക് ഇറങ്ങിചെല്ലാനുള്ള ജനനീതിയുടെ കാൽവെയ്പ്പ് വിജയമായിത്തീരട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

വരുംകാല തീവ്രപ്രവർത്തനങ്ങളെക്കുറിച്ച് അഡ്വ. ജോർജ്ജ് പുലിക്കുത്തിയിൽ വിശദീകരിച്ചു. തൃശ്ശൂർ ജില്ലാ ജഡ്ജി ശ്രീ. ജെയിംസ് ജെ. മുരിക്കൻ, ഡി.ഐ.ജി. ശ്രീ. വൈ. അനിൽകുമാർ തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ശ്രീ. രാധാകൃഷ്ണൻ, 12-ാം വാർഡ് കൗൺസിലർ ശ്രീമതി ശാന്ത വാസുദേവൻ തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. എസ്.പി. ശ്രീ. ജി. ജനാർദ്ദനൻ നായർ, ജില്ലാ നിയമ സേവന അഥോറിറ്റി അംഗങ്ങൾ, അഭിഭാഷകർ, പൊതുപ്രവർത്തകർ, വിവിധ സ്ഥാപന മേധാവികൾ, പൊതുജനങ്ങൾ ജനനീതി കുടുംബാംഗങ്ങൾ തുടങ്ങി പല തുറകളിൽപ്പെട്ടവർ യോഗത്തിൽ സംബന്ധിച്ചു.

### ജില്ലാ ജഡ്ജി ശ്രീ. ജെയിംസ് ജെ. മുരിക്കൻ



കുറ്റവിമുക്ത സമൂഹം ഉണ്ടാകണമെങ്കിൽ സാമൂഹ്യമാറ്റം ഉണ്ടാകണം. കോടതിയിൽ നിലവിലുള്ള കേസുകളിൽ ഭൂരിഭാഗവും അബ്കാരി, അധോലോകം കുടുംബപ്രശ്നങ്ങൾ, ചെക്ക് കേസുകൾ തുടങ്ങിയവയാണ്. നമ്മുടെ സമൂഹം ആർഭാടത്തിന്റെയും അധോലോകത്തിന്റെയും മദ്യപാനത്തിന്റെയും ലോകമായി തീരുകയാണ്. ഇത്തരത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ കലഹങ്ങൾ ഒഴിവാക്കാനും മനുഷ്യനന്മയെ ഉത്തേജിപ്പിക്കാനും ജനനീതി പോലുള്ള സംഘടനകളുടെ പ്രവർത്തനങ്ങളും ഇടപെടലുകളും അത്യന്താപേക്ഷിതമാണ്.

### ഡി.ഐ.ജി. വൈ. അനിൽകുമാർ

കുറ്റവിമുക്ത ഗ്രാമം എന്ന ആശയം പ്രായോഗികമാക്കാൻ ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ട് സമൂഹം ഒന്നിച്ച് നിന്ന് ഒറ്റക്കെട്ടായി ഒരു ആശയത്തിനുവേണ്ടി പ്രവർത്തിച്ചാൽ അതു നടപ്പിൽ വരുത്താൻ സാധിക്കും. ജനങ്ങളുടെ വിശ്വാസവും പിന്തുണയുമില്ലാതെ എത്ര നല്ല നിയമവും നടപ്പിൽ വരുത്താൻ കോടതിക്കോ പോലീസിനോ സാധിക്കില്ല. തൃശ്ശൂർ കോർപ്പറേഷനിലെ 12-ാം വാർഡിൽ നല്ലൊരു ആശയവുമായി ജനനീതി മുന്നോട്ടു വന്നിരിക്കുന്നു. ജനങ്ങളുടെ സഹകരണത്തോടെ മുന്നോട്ടുപോയാൽ ഈ ആശയം വിജയപ്രദമായി നടപ്പിൽ വരുത്താൻ സാധിക്കും.



### ഡെപ്യൂട്ടി മേയർ കെ. രാധാകൃഷ്ണൻ



'ജനനീതി' സമൂഹത്തിനു വേണ്ടി എന്തുചെയ്യാൻ സാധിക്കും എന്നു ചിന്തിക്കുന്നവരുടെ പ്രസ്ഥാനമാണ്. ഒരുപാട് വിദ്യാലയങ്ങളിലെ കുട്ടികളെ ഏറ്റെടുത്ത് അവരുടെ യൗവ്വനം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സേവനത്തിനും വേണ്ടി ജനനീതി ഉപയോഗിക്കണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സമൂഹം, സ്നേഹം, സേവനം എന്നീ മനോഭാവങ്ങൾ രൂപപ്പെടുത്തിയെടുക്കണം. 12-ാം വാർഡിനെ കുറ്റവിമുക്തമേഖലയാക്കുന്നതിനായി ജനനീതി ശ്രമിക്കുന്നത് ഏറെ സന്തോഷമുളവാക്കുന്ന കാര്യമാണ്.

# അതിർത്തിക്കപ്പുറത്തെ നീതി

**അഡ്വ. ജാസ്മിൻ ജോസഫ്**

ഒരു ജനതയുടെ നീതിബോധം സംസ്കാരത്തിന്റെ അളവ് കോലാണ് എന്ന് വിശ്വസിക്കുകയും, ജനായത്ത വ്യവസ്ഥയിലെ നീതിബോധത്തിന്റെ കാവലാളായി ന്യായപീഠങ്ങളെ കാണുകയും ചെയ്യുന്നവരാണ് ഭാരത ജനത. സുപ്രീം കോടതിയുടെ അടുത്തകാലത്തെ ക്രിയാത്മക ഇടപെടലുകളെ അഭിമാനത്തോടെ വീക്ഷിക്കുന്നു നാം. വിശ്വാസ്യത കൈമോശം വന്നുകൊണ്ടിരിക്കുന്ന നീതിന്യായ വ്യവസ്ഥയുടെ തിരിച്ച് വരവിന്റെ ആഘോഷങ്ങളാണ് നമുക്ക്; ജയലളിത കേസ് കർണാടക ഹൈക്കോടതിയിലേക്ക് മാറ്റികൊണ്ടുള്ള വിധിയും; ഗുജറാത്ത് കലാപകേസുകളിലെ നടപടി മരവിപ്പിച്ച് കൊണ്ടുള്ള ഉത്തരവും; ഗുജറാത്തിൽ നിന്നും മറ്റൊരു സംസ്ഥാനത്തിലേക്ക് കലാപകേസുകൾ മാറ്റാനുള്ള മനുഷ്യാവകാശകമ്മീഷന്റെശ്രമവും, അടുത്തിടെ കൽക്കട്ട ഹൈക്കോടതി നന്നൂർ കൊലക്കേസിൽ സംസ്ഥാന സർക്കാർ നടപടിയെ വിമർശിച്ചുണ്ടായ ഉത്തരവും. ഗുജറാത്ത കലാപകേസുകൾ വിചാരണയ്ക്കായി സംസ്ഥാനത്തിന് പുറത്തുള്ള കോടതികളിൽ എത്തണമെന്നത് സാമാന്യനീതിയാണെന്ന് പൊതുചിന്ത. ഇവിടെ വിസ്മരിക്കപ്പെടുന്ന ഒന്നുണ്ട്. നീതിന്യായ വ്യവസ്ഥയുടെ നിഷ്പക്ഷത. നീതി അതിർത്തിക്കപ്പുറത്ത് ഭദ്രം എന്ന ധാരണ സംസ്ഥാനത്ത് നീതി ഭദ്രത ഇല്ല എന്ന മറുവാദത്തിന്റെ സ്ഥിരീകരണമാകുന്നു.

Substantive justice ലേയ്ക്കെത്താൻ Procedural justice അനുപേക്ഷണീയമാണ്. കുറ്റാന്വേഷണം മുതൽ അന്തിമ വിധിവരെയുള്ള സുദീർഘകാലത്തെ ഓരോ പാദവും നീതിപൂർവ്വകമെങ്കിൽ മാത്രമേ Ultimate Justice എന്ന ലക്ഷ്യം സാധ്യമാകൂ. സംസ്ഥാന സർക്കാരുകളുടെ താത്പര്യങ്ങൾ ഇടപെടലുകളുടെ രൂപത്തിൽ, നീതിന്യായവ്യവസ്ഥയുടെ വിശ്വാസ തകർച്ചയ്ക്ക് കാരണമാകുന്നു എന്ന പൊതുജനാഭിപ്രായം അടിസ്ഥാനമുള്ളതാണ് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പ്രശ്നപരിഹാരത്തിനുള്ള എളുപ്പവഴിയാകട്ടെ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കേസുകൾ മാറ്റുക എന്നതും. ഇത് യഥാർത്ഥ പ്രശ്നപരിഹാരമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**വ്യവഹാരങ്ങൾ മറ്റ് കോടതികളിലേയ്ക്ക് മാറ്റുന്നതിന്റെ നിയമവ്യവസ്ഥകൾ**

സുപ്രീം കോടതിക്ക്, കീഴ്ക്കോടതികളുടെ മേലുള്ള ഭരണപരമായ അധികാരമുപയോഗിച്ച്, സാഹചര്യങ്ങൾ ആശ്യപ്പെടുന്ന പക്ഷം വ്യവഹാരങ്ങൾ ഒരു കോടതിയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് മാറ്റാനുള്ള അധികാരമുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ 139 A അനുച്ഛേദത്തിലാണ് ഈ അധികാരത്തെക്കുറിച്ച് പ്രസ്താവിക്കുന്നത്. ഈ അനുച്ഛേദം 42-ാം ഭരണഘടനാ ഭേദഗതിവഴിയാണ് നിലവിൽ വന്നത് (42-ാം ഭേദഗതിക്ക് അടിയന്തിരാവസ്ഥയുമായുള്ള ബന്ധം പ്രസ്താവ്യമാണ്). അന്ന് നിലവിലിരുന്ന പ്രത്യേക സാഹചര്യത്തിൽ പുറപ്പെടുവിച്ച കേന്ദ്ര നിയമങ്ങൾ കോടതി വഴി സാധുവാക്കുന്നതിന് സാഹചര്യമൊരുക്കാനായിരുന്നു ഈ ഭേദഗതി എന്നത് ചരിത്ര പശ്ചാത്തലം. കേസുകളോ അപ്പീലുകളോ നീതിയുക്തമായ ഒരു തീരുമാനത്തിനുവേണ്ടി ഒരു കോടതിയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് മാറ്റുവാനുള്ള സുപ്രീം കോടതിയുടെ അധികാരം ഈ അനുച്ഛേദത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

ക്രിമിനൽ നടപടി നിയമത്തിലെ 406-ാം വകുപ്പും സിവിൽ നടപടി നിയമത്തിലെ ഭേദഗതി ചെയ്യപ്പെട്ട 25-ാം വകുപ്പും ഭരണഘടനാ നിശ്ചയത്തിന്റെ പ്രായോഗിക തലങ്ങളാണ്. നീതിന്യായ പൂർത്തീകരണത്തിനായി ആവശ്യമെന്ന് കണ്ടാൽ കേസുകളെ സ്ഥലം മാറ്റുന്നതിനുള്ള അധികാരമാണ് മേൽ പ്രസ്താവിച്ച മൂന്നു നിയമങ്ങളിലും ഉള്ള പൊതുധാര. അതുകൊണ്ട് തന്നെ ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുമ്പോൾ, സ്ഥലം മാറ്റവും നീതിന്യായ പൂർത്തീകരണവും തമ്മിലുള്ള നേർബന്ധമാണ് കോടതി പരിഗണിക്കേണ്ടത്. കേസുകൾ സ്ഥലം മാറ്റുമ്പോൾ 'നിയമപ്രകാരമുള്ള നീതി' (Justice according to law) നടപ്പിൽ വരുത്തുക എന്നതായിരിക്കണം കോടതിയെ തീരുമാനത്തിലേക്ക് നയിക്കേണ്ട പ്രധാന തത്ത്വം എന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. (Dr. Subrahmanian Swamy V . - R. Hegde Air 1990 SC 113)

ഭരണഘടനയിലെ 139 A അനുച്ഛേദത്തിൽ കേസുകൾ സ്ഥലം മാറ്റാനുള്ള അധികാരം പൂർണ്ണമായും സുപ്രീം കോടതിക്ക് നൽകിയിട്ടുണ്ട്. ക്രിമിനൽ നടപടി നിയമത്തിലെ 406-ാം വകുപ്പിൽ 'നീതിന്യായപൂർത്തിക്ക്' ആവശ്യമെന്ന് ധരിപ്പിച്ചാൽ സുപ്രീം കോടതിക്ക് കേസുകൾ സ്ഥലം മാറ്റാം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സിവിൽ നടപടി നിയമത്തിലെ 25-ാം വകുപ്പിലാകട്ടെ മാറ്റം ആവശ്യപ്പെട്ട് കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള അപേക്ഷയിൽ തീരുമാനം സ്വീകരിക്കാം എന്ന് നിശ്ചയിച്ചിരിക്കുന്നു. സ്വയമോ (Suomotu) മാറ്റം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി പരിഗണിച്ചോ സുപ്രീം കോടതിക്ക് കേസുകൾ സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവിറക്കാം എന്നതാണ് ഈ മൂന്നുവകുപ്പുകളുടേയും ആകെത്തുക.

**കേസുകൾ മാറ്റുന്നതിനുള്ള കാരണങ്ങൾ**

കേസുകൾ മാറ്റാം എന്ന് വ്യവസ്ഥ ഉള്ളപ്പോൾ, ഏത് സാഹചര്യങ്ങളിലാണ് അത് അനുവദനീയമാകുന്നത് എന്ന് അറിയേണ്ടത് ആവശ്യമായി വരുന്നു. മേൽപറഞ്ഞ നിയമവ്യവസ്ഥകളിൽ 'നീതി' എന്ന വിശാല അടിസ്ഥാനം മാത്രമേ കാണാനാകൂ. എന്നാൽ വിവിധ വിധിന്യായങ്ങളിലൂടെ കോടതി ചില സാഹചര്യങ്ങൾ identify ചെയ്തിട്ടുണ്ട്.

* കോടതിയുടെ നിഷ്പക്ഷതയിലുള്ള അവിശ്വാസം (Gujarat Electricity BoardV Athmaram Air 1989 SC 1433)
* നീതിയുക്തമായ ഒരു വിചാരണയ്ക്ക് സംസ്ഥാനത്തെ പരിതസ്ഥിതി അനുവദിക്കാത്ത സാഹചര്യത്തിൽ (Union of India V Shirmani Gurudwara Prabhantak Committee Air 1986 SC 1896.
* കേസിൽ ഉൾപ്പെട്ട വ്യക്തികളുടെ സൗകര്യാർത്ഥം (Nambiar V Desraj AIR 1973 SC 203)
* ഒരേ വിഷയത്തിലുള്ള കേസുകളിൽ പരസ്പര വിരുദ്ധമായ വിധികൾ വിവിധ കോടതികളിൽ നിന്ന് വരാതിരിക്കാനും സമയനഷ്ടം ഒഴിവാക്കാനും (Indian Overseas Bank V. Chemical Construction company AIR 1979 SC 1514)

ഈ ലിസ്റ്റ് ഇതിൽതന്നെ പൂർണ്ണമല്ല. പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് ഇതിൽ വ്യത്യാസങ്ങൾ വരാവുന്നതാണ്.

**വഴിമാറുന്ന നീതിബോധം**

പ്രായോഗിക കാരണങ്ങളാൽ കേസുകൾ മറ്റൊരു കോടതിയിലേക്ക് മാറ്റേണ്ടിവരിക സ്വാഭാവികമാണ്. നീതിന്യായ പൂർത്തീകരണത്തിന് എന്ന തലക്കെട്ടിൽ കേസുകൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റേണ്ടി വരുമ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്. സംസ്ഥാനത്തെ നീതി വ്യവസ്ഥയ്ക്ക് എന്ത് സംഭവിച്ചു എന്ന്. ജയലളിത കേസും, ഗുജറാത്ത് കേസും നന്നൂർ കേസുമൊക്കെ വിരൽ ചൂണ്ടുന്നത് ഒരു ദിക്കിലേയ്ക്കാണ് - നീതി ന്യായ വ്യവസ്ഥയിൽ സംസ്ഥാന സർക്കാരുകളുടെ അഹിതമായ ഇടപെടൽ. ഇന്ത്യൻ നീതി വ്യവസ്ഥ കോടതികളിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച് ക്രിമിനൽ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത് നടത്തുന്ന അന്വേഷണം മുതൽ പ്രോസിക്യൂഷൻ അഥവാ

വിചാരണയിലൂടെ കടന്ന് കോടതി വിധി വരെ എത്തുന്ന ഒരു തുടർപ്രക്രിയയാണ്. ഇവിടെ അന്വേഷണം, പ്രോസിക്യൂഷൻ എന്നിവ നിയമ വ്യവസ്ഥകൾക്ക് വിധേയമായി പ്രധാനമായും സർക്കാർ നിയന്ത്രണത്തിലാണ്. അതത് കാലത്തെ സർക്കാരുകളുടെ താത്പര്യസംരക്ഷകരാണ് തന്ത്രപരമായ സ്ഥാനങ്ങളിൽ സർക്കാരിന്റെ Pleasure doctrine പ്രകാരം നിയമിതനാകുന്നത്. ജനാധിപത്യ വ്യവസ്ഥയിൽ ഒഴിവാക്കാനാകാത്ത ഘടകങ്ങളാണിത് എന്ന ന്യായവാദം നീതിനിഷേധത്തിലെത്തിയ്ക്കുമ്പോൾ മറുവഴി ആലോചിക്കേണ്ടത് പൗരബോധമുള്ള ഒരു സമൂഹത്തിന്റെ ചുമതലയായി മാറുന്നു. കോടതികൾ പോലും സർക്കാരുകളുടെ താത്പര്യസംരക്ഷണത്തിനുള്ള ഉപകരണങ്ങളായി മാറുന്നത് നീതിവ്യവസ്ഥയിലുള്ള അവിശ്വാസം വളർത്തുവാനേ ഉപകരിക്കൂ. അന്വേഷണ, പ്രോസിക്യൂഷൻ വിഭാഗങ്ങൾ നീതിയുക്തമായി പ്രവർത്തിക്കാത്ത സാഹചര്യങ്ങൾ സാമാന്യ ജനത്തിന്റെ സ്വാഭാവിക നീതിയുടെ ലംഘനമായി കണക്കാക്കപ്പെടണം. ഇവിടെ കോടതികളുടെ ഉത്തരവാദിത്വം ഏറുന്നു. ടാൻസി കേസിൽ സാക്ഷികളെ വിസ്തരിക്കാൻ, സമയക്കുറവ് മൂലം പബ്ലിക് പ്രോസിക്യൂട്ടർ ഹാജരാക്കാതിരിക്കുകയും വേണ്ട സാക്ഷികളെ വിസ്തരിക്കാതിരിക്കുകയും ചെയ്യുന്നത് നീതി ന്യായ പൂർത്തിക്ക് ചേർന്നതല്ലെന്നും യുക്തമായ ഇടപെടലിലൂടെ സംസ്ഥാനത്തിനകത്ത് തന്നെ നീതി ഭദ്രത ഉറപ്പാക്കണമെന്നും കോടതികളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തേണ്ടതില്ലല്ലോ. അന്വേഷണങ്ങൾ വഴിമാറുമ്പോൾ, യുക്തമായ സാഹചര്യങ്ങളിൽ പുനരന്വേഷണത്തിന് ഉത്തരവിടാനും, മേൽനോട്ടം വഹിക്കാനും കോടതികൾക്ക് സാധിക്കും. സാഹചര്യങ്ങൾക്കൊത്തുയരാനും, നീതിബോധത്തിൽ നിന്നുണ്ടാകുന്ന ഇച്ഛാശക്തിയോടെ Statutory Power ഉം കോടതികൾക്കുള്ള hereat power ഉം ഉപയോഗിച്ച് നീതി നടപ്പിൽ വരുത്തുവാനുമുള്ള കോടതികളുടെ ഔന്നത്യമാണ് ഇവിടെ ആവശ്യം. നീതി പീഠങ്ങളെ സ്വാധീനിക്കാൻ സംസ്ഥാന സാഹചര്യങ്ങൾക്ക് സാധിക്കും എന്നത് നീതിന്യായ വ്യവസ്ഥയുടെ തകർച്ചയാണ്.

**ക്രിമിനൽ നിയമസംവിധാനവും മളീമഠ് കമ്മിറ്റി റിപ്പോർട്ടും**

ക്രിമിനൽ നിയമസംവിധാനത്തിലെ അടിസ്ഥാന പാളിച്ചകളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ച മളീമഠ് കമ്മിറ്റി റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങളെ മേൽപറഞ്ഞ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുമ്പോൾ ചില ചിന്തകൾ ഉയരുന്നുണ്ട്. ശിക്ഷാനിരക്ക് (Conviction rate) കുറയാനുള്ള കാരണങ്ങളിൽ പ്രധാനം, അന്വേഷണ-വിചാരണ കാലഘട്ടത്തിലെ പ്രശ്നങ്ങളാണെന്നതാണ് ഈ റിപ്പോർട്ടിന്റെ Premise. സംസ്ഥാനത്തിന് പുറത്തെ നീതി തേടലിന്റേയും അടിസ്ഥാനങ്ങളിൽ ഒന്ന് ഇക്കാരണം തന്നെയാണ്. ഈ പ്രശ്നത്തിന് പരിഹാരമായി മളീമഠ് കമ്മിറ്റിയുടെ നിർദ്ദേശം, അന്വേഷണോദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ നൽകുക എന്നതാണ് മനുഷ്യാവകാശ പ്രമാണങ്ങൾ ലഘൂകരിച്ചാണെങ്കിൽ പോലും, തെളിവുകൾ സമാഹരിച്ച് ശിക്ഷ ഉറപ്പുവരുത്തുക എന്നതാണ് കാതൽ Admissibility of evidnce, shift from right to remain silent, watering down of the principle against self incriminating evidence, filing of defence statement, shifting of burden of proof എന്നിങ്ങനെ നിരവധി രീതികളിലുള്ള മനുഷ്യവകാശ ലംഘനത്തിനുള്ള പഴുതുകൾ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിലുണ്ട്. ഈ നിർദ്ദേശങ്ങൾ വഴി അധികാരം കേന്ദ്രീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അന്വേഷണ വിചാരണ സംവിധാനങ്ങളിലാണ്. ഇതേ അന്വേഷണ-വിചാരണ സംവിധാനങ്ങളുടെ തകർച്ചാണ് സുപ്രീം കോടതിയെ നീതി ന്യായ പൂർത്തിയ്ക്കായി' വ്യവഹാരങ്ങളെ സംസ്ഥാനങ്ങളുടെ അതിർത്തിക്കപ്പുറത്തേയ്ക്ക് മാറ്റാൻ നിർബന്ധിക്കുന്നത് എന്നത് വൈചിത്ര്യം. ഇന്ന് നിലവിലിരിക്കുന്ന നിയമസംവിധാനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളായ സർക്കാർ രാഷ്ട്രീയ ഇടപെടലുകൾ, അഴിമതി എന്നിവയെ നേരിടാതെ പോലീസ് സംവിധാനത്തിന് നൽകുന്ന അധികാരങ്ങൾ നിയമവ്യവസ്ഥയുടെ പൂർണ്ണ തകർച്ചയ്ക്കേ ഉതകൂ. മളീമഠ് കമ്മിറ്റി റിപ്പോർട്ടിലെ ഇത്തരം നിർദ്ദേശങ്ങൾ ഈ വീക്ഷണ കോണിൽ അടിസ്ഥാനമില്ലാത്ത Super structure ആയി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ.

അതിർത്തിക്കപ്പുറത്തെ നീതി സംസ്ഥാനത്തിനകത്തിന്റെ നീതി വ്യവസ്ഥയുടെ തകർച്ചയ്ക്ക് അടിവരയിടുന്നു. പൗരബോധമുള്ള വ്യക്തികളുടേയും സംഘടനകളുടേയും പ്രസക്തി ഈ സാഹചര്യത്തിൻ വർദ്ധിക്കുന്നുണ്ട്. അടിയന്തിരാവസ്ഥയെ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികളിലെ വിധിന്യായങ്ങളിൽ Judicial review വിനെക്കുറിച്ച് സംസാരിക്കുമ്പോൾ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാൻ കോടതികൾ ആവർത്തിച്ചിട്ടുള്ള ഒരു ആശയമുണ്ട്. രാഷ്ട്രീയ / നയ പ്രശ്നങ്ങൾക്ക് (Political question) ഉത്തരം നല്കാൻ കോടതികൾക്ക് ബാദ്ധ്യതയില്ല. അത് executive ന്റെ ചുമതലയാണ് executive അധികാരപരിധി ലംഘിക്കുമ്പോൾ നിയന്ത്രിക്കുന്നതിനുള്ള ആയുധം ചുമതലാബോധമുള്ള പൗരസമൂഹത്തിന്റെ Plubic opinion ആണ് എന്ന്. (Makhar singh V state of Punjab, AIR 1964 SC 381; Bhuth Nath V. State of West Bengal (1974) SCC 645) സംസ്ഥാനത്തിന് പുറത്ത് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന നീതിയിൽ ആശ്വാസംകൊണ്ട് സുപ്രീം കോടതി വിധിക്ക് ഹല്ലേലൂയ പാടാതെ സംസ്ഥാനത്തിനകത്തെ നീതിഭദ്രത നിലനിർത്താൻഓരോ പൗരനും പൗരസംഘടനയ്ക്കും ഉത്തരവാദിത്വമുണ്ട്. പരമോന്നത നീതി പീഠത്തിന്റെ നീതി പങ്കുവെക്കലിൽ (dispensation of justice) മാത്രം ആത്യന്തിക വിശ്വാസമർപ്പിക്കുന്നത് മൗഢ്യമാകും എന്ന് ചരിത്രം പഠിപ്പിക്കുന്നു. നീതി ന്യായ സംവിധാനത്തിലെ അഹിത സർക്കാർ/രാഷ്ട്രീയ തത്പരശക്തികളുടെ ഇടപെടലുകളെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ നിയമ/സാമൂഹ്യ പണ്ഡിതർക്ക് ഉത്തരവാദിത്വമുണ്ട്. മനുഷ്യാവകാശ സംഘടനകൾ ഇത്തരം പഠനങ്ങൾ നടത്തി, പൊതുജനാഭിപ്രായം രൂപീകരിച്ച് നീതി ന്യായ വ്യവസ്ഥയ്ക്ക് സംഭവിക്കുന്ന അപഭ്രംശം തിരുത്തുവാൻ ശ്രമിക്കേണ്ടതാണ്. ▮

*(കടപ്പാട്: 28.11.2003 ലെ ദി ഹിന്ദു ദിനപത്രത്തിൽ രാജീവ് ധവാൻ എഴുതിയ Transfered Justice എന്ന ലേഖനം)*

➠ പേജ് 1

സർക്കാർ യഥാർത്ഥത്തിൽ ചെയ്യേണ്ടതെന്ന് ജനനീതി നിർദ്ദേശിക്കുന്നു. അധികാരത്തിലിരുന്നപ്പോഴും അതിന് ശേഷവും മനുഷ്യാവകാശങ്ങളോടും ജനാധിപത്യമൂല്യങ്ങളോടും നൈതികവ്യവസ്ഥയോടും ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത വിധം പ്രതിബദ്ധത കാട്ടിയവരും, രാഷ്ട്രീയ പാർട്ടികളുടെയോ വർഗ്ഗീയ സംഘടനകളുടെയോ കുടക്കീഴിൽ സ്വയം വിട്ടുകൊടുക്കാത്തവരും എക്കാലത്തും സർക്കാരിനോടും അധികാര കേന്ദ്രങ്ങളോടും സമദൂരം പാലിച്ചവരും പൊതുജീവിതത്തിൽ തിളക്കമാർന്ന വ്യക്തിമുദ്ര പതിച്ചവരുമാണ് മനുഷ്യാവകാശ കമ്മീഷനിൽ ഉണ്ടാകേണ്ടത്. കോടതി ബഞ്ചുകളിൽ നിന്ന് വിരമിച്ചവരിൽ ഇത്രയും സ്വഭാവ ശുദ്ധിയുള്ളവരെ കണ്ടെത്താനാകുന്നില്ലെങ്കിൽ നിയമം തന്നെ ഭേദഗതി ചെയ്യാൻ സർക്കാർ തയ്യാറാകണം.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ ചുറ്റിപ്പറ്റി കേരളത്തിൽ അരങ്ങേറുന്ന കപടനാടകങ്ങൾ ഭരണകൂടത്തിന്റെ ആത്മാർത്ഥതയില്ലായ്മയുടെയും നിക്ഷിപ്തതാല്പര്യങ്ങളുടെയും തെളിവാണ്. വനിതാ കമ്മീഷനിലൂടെ ഈ സർക്കാർ നടപ്പാക്കിയ രാഷ്ട്രീയ ക്രയവിക്രയം സംസ്ഥാന മനുഷ്യാവകാശകമ്മീഷനിലും ആവർത്തിക്കപ്പെടുമോ എന്നാണ് മനുഷ്യാവകാശ സ്നേഹികളുടെ ആശങ്ക. ▮

# രാസി സാലൈ പ്രഖ്യാപനം

**2003 നവംബർ 28 മുതൽ ഡിസംബർ 4 വരെ തായ്‌ലണ്ടിലെ രാസിസാലൈയിൽ വച്ചു നടന്ന അണക്കെട്ടുകൾക്കെതിരെയുള്ള രണ്ടാം അന്താരാഷ്ട്ര സമ്മേളനത്തിൽ പാസ്സാക്കിയത്.**

## രാസിസാലൈയുടെ പ്രചോദനം

അണകെട്ടുകൾ കാരണം ദുരിതമനുഭവിക്കുന്നവരും നശീകരണ അണകെട്ടുകൾക്കെതിരെ പോരാടുന്നവരും ജല-ഊർജ്ജ വിഭവങ്ങളുടെ തുല്യവും സുസ്ഥിരവുമായ പരിപാലനത്തിനായി പ്രവർത്തിക്കുന്നവരുമായ 62 രാജ്യങ്ങളിലെ 300 ലധികം പേർ രാസിസാലൈയിൽ ഒത്തുചേർന്നു. ഒരണക്കെട്ടിന്റെ വെള്ളക്കെട്ടു മൂലും കെടുതി നേരിടുകയും പിന്നീട് അണക്കെട്ടിന്റെ ഷട്ടർ നാട്ടുകാർ തന്നെ തുറന്ന് പുഴയുടെ ഒഴുക്കും നദിയുടെ താളവും തരികെ കൊണ്ടുവരികയും ചെയ്തസ്ഥലമാണ് രാസിസൈലെ. സാമൂഹിക ജീവിതവും പുഴയുടെ പുണ്യവും ഒരു പോലെ പ്രതീക്ഷകളോടെ തിരിച്ചുവരുന്ന കാലമാണിവിടെ. ജീവനെ, പുഴകളെ, നാടിനെ, സംസ്ക്കാരത്തെ, വ്യക്തിത്വത്തെ എല്ലാം തിരിച്ചുപിടിക്കാനുള്ള സമരത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും മാതൃകയാണ് രാസിസാലൈയിലെ ജനങ്ങൾ ഞങ്ങൾക്കു കാണിച്ചുതന്നത്.

**"ജലം ജീവനുവേണ്ടി, മരണത്തിനുവേണ്ടിയല്ല"**, 1997-ൽ ബ്രസീലിലെ കുരിറ്റിബയിൽ നടന്ന ഒന്നാം അന്താരാഷ്ട്ര സമ്മേളനത്തിൽ വച്ചു നടത്തിയ പ്രഖ്യാപനം യാഥാർത്ഥ്യമാക്കിയത് തായ്‌ലാണ്ടിനെ രാസിസലൈയിലാണ്.

## നേട്ടങ്ങൾ

കുരിറ്റിബക്കുശേഷം സമരങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. അണക്കെട്ടുവ്യവസായം,സർക്കാർ, സാമ്പത്തികസ്ഥാപനങ്ങൾ എന്നിവയെ എല്ലാം വെല്ലുവിളിക്കാൻ താഴ്‌വരകളിലെ ജനങ്ങളുടെ ഒത്തുചേരലും പ്രവർത്തനങ്ങളും വഴി കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക, രാഷ്ട്രീയ നൈതികമേഖലകളിലെല്ലാം അണക്കെട്ടുവ്യവസായത്തെ വെല്ലുവിളിക്കാൻ ഉള്ള കരുത്ത് അന്താരാഷ്ട്ര അണക്കെട്ടുവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് നേടിയെടുക്കാനായിട്ടുണ്ട്. ചില അണക്കെട്ടുപണികൾ നിർത്തിവപ്പിക്കാനും ചില അണക്കെട്ടുകൾ ഡീ-കമ്മീഷൻ ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. പുനരധിവാസ-നഷ്ടപരിഹാരമടക്കമുള്ള അവകാശങ്ങൾക്ക് അംഗീകാരം നേടാനും പലസ്ഥലങ്ങളിലും സാധിച്ചിട്ടുണ്ട്.

പദ്ധതി ബാധിതർക്കും പദ്ധതി ഭീഷണി നേരിടുന്നവർക്കും തീരുമാനമെടുക്കുന്ന പ്രക്രിയകളിൽ നിർണായക സ്വാധീനം നേടുന്ന വിധത്തിൽ ഇടപെടാനും പറ്റിയിട്ടുണ്ട്.

സാമൂഹികവും പാരിസ്ഥിതികവുമായി സാമൂഹ്യ അടിത്തറയുള്ള ശരിയായ, ഫലപ്രദമായ ജലപരിപാലനരീതികൾ ഞങ്ങൾ നടപ്പിലാക്കുന്നുണ്ട്. പുതുക്കാവുന്ന ഊർജ്ജസാങ്കേതിക വിദ്യകളുടെ പെട്ടെന്നുള്ള മുന്നേറ്റങ്ങളെയും ആവശ്യമുള്ളിടത്തെ പരിപാലനത്തെയും പിന്തുണക്കുന്നുണ്ട്.

തദ്ദേശീയ ജനവിഭാഗങ്ങൾ, ഗ്രാസ്റൂട്ട് പ്രസ്ഥാനങ്ങൾ, സന്നദ്ധസംഘടനകൾ, വികസിത -വികസ്വര സിവിൽ സമൂഹങ്ങൾ എന്നിവയെല്ലാം തമ്മിലുള്ള ശക്തമായ കൂട്ടുകെട്ടുകളും ഞങ്ങളുടെ സമരങ്ങൾക്ക് കൂടുതൽ വളർച്ച നേടാൻ കാരണമായിട്ടുണ്ട്. പുതിയ ഉദാരവൽക്കരണനയങ്ങൾക്കെതിരെ തുല്യതയുള്ള ലോകത്തിനുവേണ്ടിയുള്ള ആഗോള സമരങ്ങളുമായി ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്.

കഴിഞ്ഞ ആറുവർഷങ്ങൾക്കുള്ളിൽ ഉണ്ടായ മറ്റൊരു പ്രധാനനേട്ടം ലോക അണക്കെട്ടുകമ്മീഷൻ പ്രവർത്തന പ്രക്രിയകളാണ്. വൻകിട അണക്കെട്ടുകൾക്കെതിരെ കൃത്യമായ വിമർശനം കമ്മീഷൻ നടത്തിയിട്ടുണ്ട്. പുതിയ ഉദാരവൽക്കരണ വികസനമാതൃകയിലെ അടിസ്ഥാന തെറ്റുകളെ ചോദ്യം ചെയ്യുന്നില്ലെങ്കിൽകൂടി, കമ്മീഷന്റെ ശുപാർശകൾ ജനാധിപത്യമായ, സുതാര്യമായ, ഉത്തരവാദിത്വപരമായ തീരുമാനമെടുക്കൽ പ്രക്രിയക്കായി ഒരു ചട്ടക്കൂടൊരുക്കുന്നുണ്ട്

## വെല്ലുവിളികൾ

വൻകിട അണക്കെട്ടുകൾ വികസനം കൊണ്ടുവരും എന്നാണ് കഴിഞ്ഞ കാലങ്ങളിൽ നമ്മളോട് പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ അണക്കെട്ടുലോബി പറയുന്നത് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനും ഉത്തര-ദക്ഷിണ വിടവു നികത്താനും വൻകിട അണക്കെട്ടുകൾ അത്യന്താപേക്ഷിതമാണെന്നാണ്. ഈ വാദം തികച്ചും പൊള്ളയാണെന്ന് കഴിഞ്ഞ 50 വർഷം കാണിച്ചുതരുന്നു. ആഗോള വൻകിട അണക്കെട്ടുയുഗം വരുത്തിവച്ചത് ഉത്തര-ദക്ഷിണ സമ്പന്ന-ദരിദ്ര അസമത്വങ്ങളുടെ വളർച്ചയാണ്. ആഗോളതാപവർദ്ധന തടയാൻ ജലവൈദ്യുതിയും വൻകിട അണക്കെട്ടുകളും ആവശ്യമാണെന്ന കെട്ടുകഥകളും ഞങ്ങൾ നിരാകരിക്കുന്നു.

പ്രവിശ്യകൾ, ഭൂമി, വിഭവങ്ങൾ എന്നിവയെ ലക്ഷ്യമാക്കുക വഴി തദ്ദേശീയ ജനവിഭാഗങ്ങൾക്ക് താങ്ങാവുന്നതിലധികം ദോഷങ്ങൾ വരുത്തിവച്ചു. മിലിട്ടിറിയടക്കമുള്ളവയെ അണക്കെട്ടുപണികൾക്കായി ഉപയോഗിക്കുക. വഴി തദ്ദേശീയരുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നത് ഇവിടെ നില്പുപോലും ഭീഷണിയിലാക്കുന്നു.

ആഗോളതലത്തിൽ തന്നെ പരാജയം നേരിട്ടുകഴിഞ്ഞിട്ടും സ്വകാര്യവൽക്കരണം പരക്കുകതന്നെയാണ്. ജീവനടിസ്ഥാനമായ പുഴകളടക്കമുള്ള ജലസ്രോതസുകളെ കോർപ്പറേറ്റ് താൽപര്യത്തിനും വിപണിക്കുമായി സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങളെ ഞങ്ങൾ ശക്തമായി എതിർക്കുന്നു

നിർദ്ദിഷ്ട നദീബന്ധന, ഇന്റർ-ബേസീൻ ജലകൈമാറ്റ പദ്ധതികളും വൻജലപദ്ധതികൾക്കായി അന്താരാഷ്ട്രഅടിസ്ഥാനസൗകര്യമൊരുക്കലുകളും, പരാജയങ്ങളിൽനിന്നു പാഠം മനസ്സിലാക്കാത്ത വൻകിട അണക്കെട്ടുപ്രമോട്ടർമാരുടെ കഴിവുകേടിനെ കാണിച്ചുതരുന്നു.

ഊർജ്ജകേന്ദ്രീകൃതമായ അലുമിനിയം പോലുള്ള വ്യവസായങ്ങൾ വടക്കുനിന്ന് തെക്കോട്ടു മാറ്റുന്നത്, വികസ്വര രാജ്യങ്ങൾക്ക് പിന്നെയും കനത്ത സാമ്പത്തിക ബാധ്യതകളും വിദേശകടങ്ങളും വൻകിട അണക്കെട്ടുകളുടെ ആഘാതങ്ങളും മാത്രം അടിച്ചേൽപ്പിക്കുന്നു.

## ആവശ്യങ്ങൾ

അഞ്ചുദിവസങ്ങളിലായി അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ ഉരുത്തിരിഞ്ഞത്.

- 1997 ലെ കുരിറ്റിബ പ്രഖ്യാപനത്തിലെ തത്വങ്ങളിലും ആവശ്യങ്ങളിലും ഞങ്ങൾ ഉറച്ചു നില്ക്കുന്നു.
- സാമൂഹികമായും പാരിസ്ഥിതികമായും നാശമുണ്ടാക്കുന്ന അണക്കെട്ടുകളുടെ നിർമ്മാണത്തെ എതിർക്കുന്നു.സാമൂഹിക ആവശ്യങ്ങൾ നിറവേറ്റാത്ത, പദ്ധതി ബാധിത പ്രദേശങ്ങളിലെ ജനങ്ങളെ അറിയിച്ച്, തീരുമാനമെടുക്കൽ പ്രക്രിയ പൂർത്തിയാക്കാത്ത എല്ലാ അണക്കെട്ടു നിർമ്മാണത്തെയും എതിർക്കുന്നു.
- തദ്ദേശീയ ജനവിഭാഗങ്ങളുടെ അറിവിനും, വിഭവപരിപാലനത്തെയും ജല-ഊർജ്ജ

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി
◆ കെ. ജി. ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ്
◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജോർജ്ജ് പുലികുത്തിയിൽ

ആസൂത്രണപ്രക്രിയിലും തീരുമാനമെടുക്കലിലും സ്വതന്ത്രവും കൂട്ടായ്മയോടെയും തീരുമാനമെടുക്കാനുള്ള അവകാശങ്ങളെയും പൂർണമായി ബഹുമാനിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

✪ ജല-ഊർജ്ജ നയങ്ങളിലും പരിപാടികളിലും പദ്ധതികളിലും സ്ത്രീകൾക്ക് തുല്യത ഉറപ്പുവരുത്തണം.

✪ പദ്ധതി ബാധിത, പദ്ധതി ഭീഷണി നേരിടുന്ന ജനങ്ങൾക്കും അണക്കെട്ടുകളെ എതിർക്കുന്ന സംഘടനകൾക്കും എതിരെയുള്ള എല്ലാതരത്തിലുമുള്ള ഹിംസയും (മിലിട്ടറി ഇടപെടൽ ഉൾപ്പെടെ) പ്രവർത്തനങ്ങളും നിർത്തണം.

✪ ധനസഹായം, ആവശ്യമായ ഭൂമി, വീട് സാമൂഹിക സൗകര്യം എന്നിവ ചർച്ചകളിലൂടെ ലക്ഷകണക്കിന് പദ്ധതി ബാധിതർക്ക് അടിയന്തിരമായി നല്കണം. അണക്കെട്ടിനും വികസനത്തിനും പണം കൊടുക്കുന്നവർ,അണക്കെട്ടുകൾ വഴി ആദായമുണ്ടാക്കിയവർ എന്നിവർ ഇതിനുള്ള ചിലവ് വഹിക്കണം.

✪ അണക്കെട്ടുകൾ മൂലം തകർന്ന ആവാസ വ്യവസ്ഥകളും ജീവിതചര്യകളും പുഴയോര ആവാസ വ്യവസ്ഥ വൈവിധ്യവും തിരിച്ചുകൊണ്ടുവരാൻ ഡീ-കമ്മീനിംഗ് അടക്കമുള്ള പലവിധ പ്രവർത്തനങ്ങൾ നടത്തണം.

✪ വൈദ്യുതി-ജലമേഖലയിലെ സ്വകാര്യവൽക്കരണത്തെ ഞങ്ങൾ തള്ളിക്കളയുന്നു. ജനാധിപത്യപരവും ഉത്തരവാദിത്തമുള്ളതും ഫലപ്രദമായ പൊതുനിയന്ത്രണമുള്ളതും ഉചിതവുമായ ജല-വൈദ്യുതി വിതരണ സംവിധാനം ഞങ്ങൾ ആവശ്യപ്പെടുന്നു.

✪ പൊതുജനസമ്മിതി, മുൻകൂട്ടി അറിയിച്ച ശേഷമുള്ള അനുമതി നേടൽ, നിലവിലുള്ള അണക്കെട്ടുകളും പുനരധിവാസപ്രക്രിയയും ആവശ്യങ്ങളുടേയും സാധ്യതകളുടേയും വിലയിരുത്തൽ എന്നിവ ഉൾപ്പെടെയുള്ള ലോക അണക്കെട്ടു കമ്മീഷന്റെ ശുപാർശകൾ സർക്കാറുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, കയറ്റുമതി ക്രെഡിറ്റ് ഏജൻസികൾ, കോർപ്പറേഷനുകൾ എന്നിവ പാലിക്കേണ്ടതാണ്. ദേശീയ നയരൂപീകരണങ്ങളിലും നിയമങ്ങളിലും മേഖലാ മുൻകൈയെടുക്കലിലും ഈ ശുപാർശകൾ ഉൾപ്പെടുത്തേണ്ടതാണ്.

✪ തുല്യതയും സുസ്ഥിരതയും ഉറപ്പുവരുത്തുന്ന ഊർജ്ജസാങ്കേതികതയിലും ജലപരിപാലനത്തിലും ഗവേഷണത്തിനും പ്രായോഗിക പ്രവർത്തനത്തിനുമായി സർക്കാറുകൾ നിക്ഷേപങ്ങൾ ഉറപ്പവരുത്തേണ്ടതാണ്. ധൂർത്തിനെ നിരുത്സാഹപ്പെടുത്തുന്ന, അമിത ഉപഭോഗം കുറക്കുന്ന, തുല്യതയോടെ ധനവിതരണം ഉറപ്പുവരുത്തുന്ന നയങ്ങൾ സർക്കാറുകൾ നടപ്പിലാക്കണം.

✪ ഇന്റർബേസിൻ ജലകൈമാറ്റ പദ്ധതികൾ, നദീബന്ധനപദ്ധതികൾ പോലുള്ള വൻകിട പദ്ധതികൾ നിർത്തിവക്കണം.

✪ അന്താരാഷ്ട്ര കാർബൺ വിപണി നിർത്തലാക്കണം.

✪ തോണിയെ പുഴക്കനുയോജ്യമായ തത്വത്തിലാധിഷ്ഠിതമായ ജലഗതാഗതപാതകൾ പിൻതുടരണം.

**ഏറ്റെടുക്കുന്നു**

▼ നശീകരണം വരുത്തുന്ന അണക്കെട്ടുകൾ, പുനരധിവാസപ്രക്രിയകൾ, നദിയുടെയും നീർമറി തടത്തിന്റേയും പുനരുജ്ജീവനം എന്നിവയ്ക്കായുള്ള പ്രചാരണങ്ങളും സമരങ്ങളും ഊർജ്ജിതമാക്കൽ.

▼ മഴവെള്ളക്കൊയ്ത്ത്, സമൂഹപരിപാലനത്തിലുള്ള പുതുക്കാവുന്ന ഊർജ്ജ് പദ്ധതികൾ ഉൾപ്പെടെയുള്ള സുസ്ഥിരവും അനുയോജ്യവുമായ ജല-ഊർജ്ജപരിപാലന മാതൃകകൾ ലോകത്താകമാനം നടപ്പിൽ വരുത്തൽ.

▼ കുട്ടികൾക്കും യുവാക്കൾക്കും പ്രത്യേകിച്ചും പ്രായോഗിക പഠനങ്ങളിലൂടെ വൈവിധ്യമാർന്ന ജല അറിവുകളും പ്രയോജനങ്ങളും തുടർച്ചയായി പുതുക്കിക്കൊണ്ടിരിക്കൽ.

▼ വിവിധ രാജ്യങ്ങളിലെ പദ്ധതി ബാധിതർക്ക് പരസ്പരം സഹകരിച്ച് സ്ഥലസന്ദർശനം നടത്താനും അതുവഴി അണക്കെട്ടുകൾ, ജല-ഊർജ്ജമേഖലയിലെ ആക്ടിവിസ്റ്റുകൾ, സംഘടനകൾ എന്നിത തമ്മിലുള്ള ആശയവിനിമയം ഊർജ്ജിതമാക്കൽ.

▼ പുതിയ-ഉദാരവൽക്കരണ വികസന മാതൃകകൾക്കെതിരായും ആഗോള സാമൂഹിക പരിസ്ഥിതിനീതിക്കായും സമരം ചെയ്യുന്നവരോട് കൈചേർത്ത് നമ്മുടെ പ്രസ്ഥാനങ്ങളെ ബലപ്പെടുത്തൽ.

▼ എല്ലാവർഷവും മാർച്ച് 14-ാം തിയതി അണക്കെട്ടുകൾക്കെതിരായും നദി, വെള്ളം, ജീവൻ എന്നിവയ്ക്കുവേണ്ടിയും ഉള്ള അന്താരാഷ്ട്രദിനം ആഘോഷിക്കൽ.

അണക്കെട്ടുബാധിത ജനങ്ങളുടെ പ്രസ്ഥാനങ്ങൾ, മറ്റു സാമൂഹ്യ പ്രസ്ഥാനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവർ ഒരുമിച്ച് ചേർന്ന് 2004 മാർച്ച് 14-ാം തിയതി, 60-ാം വാർഷികമാഘോഷിക്കുന്ന ലോകബാങ്കിനും ഐ.എം.എഫിനുമെതിരെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ ഞങ്ങൾ ആവശ്യപ്പെടുന്നു.

ആദായം പരമാവധി വർധിപ്പിക്കുക എന്ന ചിന്തമാത്രമുള്ള സാമൂഹിക ക്രമം മുൻകൈ നേടുന്നതിനെതിരെയുള്ള സമരം കൂടിയാണ് നശീകരണ അണക്കെട്ടുകൾക്കും നിലവിലുള്ള ജല-ഊർജ്ജപരിപാലന മാതൃകൾക്കും എതിരെയുള്ള നമ്മുടെ സമരം, തുല്യതയും ഐക്യദാർഢ്യവും അടിസ്ഥാനമായുള്ള നമ്മുടെ സമരം. ■

**ജനനീതി പ്രസിദ്ധീകരണങ്ങൾ**

**എല്ലാ അവകാശങ്ങളും എല്ലാവർക്കും**
എഡിറ്റർ
കെ. ജി. ശങ്കരപ്പിള്ള
വിവർത്തനം : സി. പി. ഗംഗാധരൻ, കെ.ടി. തോമസ്

**മനുഷ്യാവകാശങ്ങൾ**
എഡിറ്റർ
എൻ. ആർ. മാധവമേനോൻ
വിവർത്തനം : സി. പി. ഗംഗാധരൻ

**ക്രൈം & ജസ്റ്റീസ്**
എഡിറ്റർ
ബാസിൽ ഫർണാണ്ടോ

**നിയമപ്രകാരം**
എഡിറ്റർ
കെ. ജി. ശങ്കരപ്പിള്ള

**മറ്റൊരു ജല, ഊർജ്ജപരിപാലന മാതൃക സാദ്ധ്യമാണ് ജലം ജീവനുവേണ്ടി മരണത്തിനുവേണ്ടിയല്ല**

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Janananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709